പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5407** 31.10.2016 - ൽ മറുപടിയ്ക്ക്

## ഡ്രഗ് വെയർ ഹൗസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോർജ് എം.തോമസ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) മരുന്നുകൾ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സ്വന്തമായി കെട്ടിടങ്ങളുള്ള ഡ്രഗ് വെയർ ഹൗസുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) മരുന്നുകൾ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി നിലവിൽ 13 ജില്ലകളിൽ സ്വന്തമായി കെട്ടിടങ്ങളുണ്ട്. അവയിൽ കോഴിക്കോട്, എറണാകുളം, കൊല്ലം ജില്ലകളിലെ കെട്ടിടങ്ങൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോകൾ ആയും, മറ്റ് ജില്ലകളിലേത് സർക്കാർ ആശുപത്രികളിലേക്കുള്ള സൗജന്യ മരുന്നുകളുടെ സംഭരണ-വിതരണ ശാലകളുമായാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>1. തിരുവനന്തപുരം (ഡി.എം.ഒ കോമ്പൗണ്ട്)<br>2. കൊല്ലം (തേവള്ളി)<br>3. ആലപ്പുഴ (ജില്ലാ ആശുപത്രിക്ക് സമീപം)<br>4. ഇടുക്കി (മുട്ടം, പൈനാവ്)<br>5. കോട്ടയം (ജില്ലാ ആശുപത്രിക്ക് സമീപം)<br>6. എറണാകുളം(ജനറൽ ആശുപത്രി കോമ്പൗണ്ട്)<br>7. തൃശൂർ<br>8. പാലക്കാട് (ജില്ലാ ആശുപത്രി കോമ്പൗണ്ട്)<br>9. മലപ്പുറം - തിരൂർ<br>10. കോഴിക്കോട് - (മലാപ്പറമ്പ് )<br>11. വയനാട് (മാനന്തവാടി ജില്ല ആശുപത്രിയ്ക്ക് സമീപം)<br>12. കണ്ണൂർ (കക്കാട് റോഡ്)<br>13. കാസർഗോഡ് (കാഞ്ഞങ്ങാട്) |

| | |
|---|---|
| (ബി) വാടകയ്ക്ക് പ്രവർത്തിക്കുന്ന ജില്ലാ ഡ്രഗ് വെയർ ഹൗസുകൾ എവിടെയൊക്കെയാണുള്ളതെന്നും പ്രതിമാസ വാടക എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) നിലവിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന ജില്ലാ ഡ്രഗ് വെയർഹൗസുകൾ പത്തനംതിട്ട, തിരുവനന്തപുരം, എറണാകുളം, കൊല്ലം, കോട്ടയം, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, തൃശൂർ എന്നീ ജില്ലകളിലാണ് ഉള്ളത്. ടി.മരുന്ന് സംഭരണശാലകളുടെ പ്രതിമാസ വാടക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഭീമമായ വാടക നൽകുന്നത് ഒഴിവാക്കി, ജില്ലാ ഡ്രഗ് വെയർ ഹൗസുകൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ? | (സി) ഉണ്ട്. കണ്ണൂർ ആലപ്പുഴ, പത്തനംതിട്ട, കോഴിക്കോട്, തൃശ്ശൂർ എന്നീ അഞ്ചു ജില്ലകളിൽ ആധുനിക രീതിയിലുള്ള ശാസ്ത്രീയ വെയർ ഹൗസുകൾ നിർമ്മിക്കുന്നതിനായി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, കോട്ടയം ജില്ലയിലെ മരുന്ന് സംഭരണശാല നിർമ്മാണത്തിലേയ്ക്കായി 10 കോടി രൂപ ദേശീയ ആരോഗ്യദൗത്യത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## <u>സ്വകാര്യ വാടക മരുന്ന് സംഭരണ ശാലകൾ- വിശദാംശങ്ങൾ</u>

| ക്രമ നം. | വാടക മരുന്ന് സംഭരണ ശാലകൾ, വിസ്തീർണ്ണം | പ്രതിമാസ വാടക (രൂപയിൽ) (ടാക്സുകൾ ഉൾപ്പെടെ) |
|---|---|---|
| 1(a) | **പത്തനംതിട്ട(1)**-നന്നുക്കാട്(6,500 സ്ക്വയർഫീറ്റ്) | 31,500/- |
| 1(b) | **പത്തനംതിട്ട(2)**-(സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ-കുന്നംതാനം) (10,437 സ്ക്വയർഫീറ്റ്) | 2,24,885/- |
| 2 | **തിരുവനന്തപുരം** (കിൻഫ്ര, കഴക്കൂട്ടം) (35,000 സ്ക്വയർഫീറ്റ്) | 3,78,350/- |
| 3 | **എറണാകുളം** (മഞ്ഞുമേൽ) (22,014 സ്ക്വയർഫീറ്റ്) | 2,84,806/- |
| 4 | **കൊല്ലം** (ഉളിയൻകോവിൽ) (14,500 സ്ക്വയർഫീറ്റ്) | 1,63,125/- |
| 5 | **കോട്ടയം** (തെള്ളകം) (14,904 സ്ക്വയർഫീറ്റ്) | 1,63,944/- |
| 6 | **കോഴിക്കോട്** (കരുവണ്ണൂർ) 28,271 സ്ക്വയർഫീറ്റ്) | 4,55,163/- |
| 7 | **വയനാട്** (കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ-കൽപ്പറ്റ) (4,481 സ്ക്വയർഫീറ്റ്) | 75,751/- |
| 8 | **മലപ്പുറം** (കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ-മഞ്ചേരി) (18,340 സ്ക്വയർഫീറ്റ്) | 2,95,274/- |
| 9 | **കണ്ണൂർ** (താണ-കക്കാട് റോഡ്) (16,477 സ്ക്വയർഫീറ്റ്) | 2,84,229/- |
| 10 | **തൃശൂർ** (സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ-കുര്യാച്ചിറ) (3,142 സ്ക്വയർഫീറ്റ്) | 58,711/- |

സെക്ഷൻ ഓഫീസർ